LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രം

87(2075) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ ഖാദി വ്യവസായ കേന്ദ്രത്തിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര തൊഴിലാളികളാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പുതുതായി എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ

ഉത്തരം

(എ) ഉണ്ട്. പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കീഴിൽ ഗോപിനാഥൻനായർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പുതുതായി തൊഴിൽ നൽകുവാനായി 200 തറികൾ വാങ്ങി നെയ്ത്ത് കേന്ദ്രങ്ങളും 209 ചർക്കകൾ വാങ്ങി നൂല്പുകേന്ദ്രങ്ങളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. പുതുതായി 500 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ബി) 2273 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പുതുതായി 80 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

കൺസ്യൂമർ ഫെഡ് നൽകുന്ന സബ്സിഡി

88(2076) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ്വഴി വിതരണം ചെയ്യുന്ന ഏതൊക്കെ നിത്യോപയോഗ സാധനങ്ങൾക്കാണ് സബ്സിഡി നല്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം മുഴുവനും പ്രവർത്തിക്കുന്ന നന്മ